**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2864** **10-03-2025 - ൽ മറുപടിയ്ക്ക്**

**കടലാമ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കടലാമ സംരക്ഷണവുമായി ബന്ധപ്പെട്ട് വനംവകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | കടലാമ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കടലാമയുടെ സാന്നിദ്ധ്യം രേഖപ്പെടുത്തിയിട്ടുള്ള കടലോര പ്രദേശങ്ങളിൽ വാച്ചർമാരുടെയും വോളന്റിയർമാരുടെയും, സന്നദ്ധ സംഘടനകളുടെയും സഹായത്തോടുകൂടി കടലാമകളുടെ മുട്ടകൾ നിശ്ചിത സമയത്തിനുള്ളിൽ ശേഖരിച്ച് വിരിയിക്കുന്നതിനായി കടൽ വെള്ളം കയറാത്തതും, അനുയോജ്യവുമായ സ്ഥലങ്ങളിൽ തയ്യാറാക്കിയ താത്ക്കാലിക ഹാച്ചറികളിൽ എത്തിച്ചും സംരക്ഷിച്ചും കുഞ്ഞുങ്ങളെ വിരിയിച്ച് കടലിലേയ്ക്ക് വിടുന്നതിന് വേണ്ടുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു. കടലാമകളുടെ സംരക്ഷണം സംബന്ധിച്ച് സന്നദ്ധ പ്രവർത്തകരെയും തദ്ദേശവാസികളെയും ജനപ്രതിനിധിക ളേയും സംഘടിപ്പിച്ച് ബോധവത്കരണ ക്ലാസ്സുകൾ വർഷാവർഷം നടത്തിവരുന്നു. |
| (ബി) | കടലാമ സംരക്ഷണത്തിനായി ഹാച്ചറികൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കടലാമ സംരക്ഷണത്തിനായി സ്ഥിരം ഹാച്ചറികൾ നിർമ്മിച്ചിട്ടില്ല. താത്കാലിക ഹാച്ചറികൾ മാത്രമാണ് നിലവിലുള്ളത്. തദ്ദേശീയരായ വാച്ചർമാരെ ഉപയോഗിച്ച് മുട്ടകൾ ശേഖരിച്ച് ആയവ വിരിയിക്കുന്നതിനായി പ്രത്യേകമായി തയ്യാറാക്കിയ ഷെഡ്, കൂട് എന്നിവ നിർമ്മിച്ച് സൂക്ഷിച്ചു വരുന്നു. |
| (സി) | കടലാമ സംരക്ഷണവുമായി ബന്ധപ്പെട്ട് വാച്ചർമാർക്ക് നൽകുന്ന വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കടലാമയുടെ മുട്ടകൾ ഹാച്ചറിയിൽ സംരക്ഷിച്ച് തുടർപ്രവർത്തനങ്ങൾ നടത്തി കുഞ്ഞുങ്ങളെ കടലിൽ വിടുന്ന പ്രവൃത്തികൾക്ക് വാച്ചർ/വോളന്റിയർമാർക്ക് Rs.659/+VDA എന്ന ദിവസ വേതന നിരക്കിൽ വേതനം നൽകി വരുന്നുണ്ട്.<br><br>ഇത്തരത്തിൽ വാച്ചർമാർക്ക് നൽകുന്ന അംഗീകൃത വേതനം വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ